# കേരളസർവകലാശാല

നം.പി.ആർ.228/2021

## <u>പത്രക്കുറിപ്പ്</u>

### ഒന്നാം വർഷ ബിരുദ പ്രവേശനം 2021
### പുതിയ രജിസ്ട്രേഷനും അപേക്ഷയിൽ തിരുത്തലിനും, പുതിയ ഓപ്ഷനുകൾ നൽകുന്നതിനും അവസരം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഒന്നാം വർഷ യു.ജി. പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് ഇതുവരെ രജിസ്ട്രേഷൻ ചെയ്തിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് പുതിയ രജിസ്ട്രേഷനും, നിലവിൽ രജിസ്ട്രേഷൻ ഉള്ള വിദ്യാർത്ഥികൾക്ക് അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും, പുതിയ ഓപ്ഷനുകൾ നൽകുന്നതിനും നവംബർ 5 മുതൽ 9 വരെ അവസരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരത്തിൽ പുതിയ ഓപ്ഷനുകൾ നൽകുന്നവരെ മാത്രമേ അടുത്ത അലോട്ട്മെന്റിൽ പരിഗണിക്കുകയുള്ളു.

നിലവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് അക്കാഡമിക് വിവരങ്ങളിൽ മാത്രം (മാർക്കിലെ തിരുത്തലുകൾ ഉൾപ്പടെ) മാറ്റങ്ങൾ വരുത്താം. മറ്റ് തിരുത്തലുകൾക്ക് പ്രൊഫൈലിലെ ഫോറം ലിങ്ക് വഴി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

മേൽ പറഞ്ഞ തീയതിക്കുള്ളിൽ പുതിയ ഓപ്ഷനുകൾ നൽകുന്ന വിദ്യാർത്ഥികളെ മാത്രമേ അടുത്ത അലോട്ട്മെന്റുകളിൽ പരിഗണിക്കുകയുള്ളൂ.

വിശദവിവരങ്ങൾക്ക് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.